വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024
മാർച്ച് 28

പെസഹാ വ്യാഴം

യേശുക്കാലത്തെ
പെസഹാ തിരിച്ചറിവുകൾ

പുറ 12:1-20; മലാ 1:10-14;
1 കോറി 11:23-29; യോഹ 13:1-14 + മത്തായി 26:26-30

യൂജിയോങ് കൊറിയൻ യൂണിവേഴ്സിറ്റിയിലെ പ്രഫസറാണ്. ഒരു കാലത്ത് രാജ്യത്ത് ഏറെ ആരാധകരുള്ള ഒരു ഗായിക. സമർത്ഥയും സുന്ദരിയും സമ്പന്നയുമായ യുവതി. ഇപ്പോൾ അവൾ ആശുപത്രി കിടക്കയിലാണ്. പരാജയപ്പെട്ട മൂന്നാമത്തെ ആത്മഹത്യാശ്രമത്തിനുശേഷം സുഖം പ്രാപിച്ചുവരുന്നു. ലോകത്തോടു മുഴുവൻ പകയാണവൾക്ക്.

യൂജിയോങിന്റെ അമ്മായി ഒരു കന്യാസ്ത്രീയാണ്. സിസ്റ്റർ മോണിക്കാ. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്നവരെ സന്ദർശിച്ച്, കാരുണ്യപ്രവർത്തനങ്ങൾ നടത്തിവരുകയാണ് സിസ്റ്റർ.

ജീവിതം യൂജിയോങിൽ ഏൽപിച്ച പ്രഹരങ്ങളിൽ നിന്ന് മോചനം തേടാൻ, ഈ സന്ദർശനങ്ങളിൽ തന്നോടൊപ്പം കൂടാൻ സിസ്റ്റർ അവളെ ക്ഷണിച്ചു. മനസില്ലാമനസോടെ അവൾ അത് സ്വീകരിച്ചു. ബലാത്സംഗത്തിനും കൊലാപാതകത്തിനും മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട യുൻസുവിനെയാണവൾ സന്ദർശിച്ചത്. പശ്ചാത്താപമില്ലാത്ത ക്രൂരനായ ഒരാൾ. യൂജിയോങിനു മനംമടുപ്പു തോന്നി. ക്രമേണ അവന്റെ കഠിനമായ പെരുമാറ്റത്തിനു പിന്നിലെ ആഴമുള്ള മുറിവുകൾ അവൾ കണ്ടെത്തി.

സാവകാശത്തിൽ, എന്നാൽ വർദ്ധിച്ച അഭിനിവേശത്തോടെ, വിരുദ്ധമായ പശ്ചാത്തലങ്ങളിൽ നിന്നെങ്കിലും ജീവിതത്തിൽ തോറ്റുപോയ രണ്ടു മനുഷ്യർ, അവരുടെ ജീവിതത്തെ ഇരുട്ടുള്ളതാക്കിയ നിഗൂഢതകളും ആഘാതങ്ങളും പരസ്പരം പങ്കുവയ്ക്കുന്നു.

ജീവിതദുരന്തത്തിന്റെ പാരസ്പര്യത്തിൽ മറ്റെയാൾക്ക് ഏറ്റ കൊടിയ മുറിവുകളിൽ ഹൃദയം നുറുങ്ങി വിലപിക്കുന്നു യൂജിയോങും യുൻസുവും.

ജോമോൻ എം. മങ്കുഴിക്കരി

ആഴ്ചയിൽ ഒരു ദിവസം, വ്യാഴാഴ്ച ഒറ്റ മണിക്കൂർ മാത്രം കൂടിക്കാണാൻ കിട്ടുന്ന അവസരം; അയാളാകട്ടെ അപ്പോഴും വിലങ്ങിലായിരിക്കും. ഓരോ ദിനവും വ്യാഴാഴ്ചയായിരുന്നെങ്കിലെന്ന് അവർ അഭിലഷിച്ചു. കാരണം, തങ്ങൾ ഒരുമിച്ചുള്ള ദിനങ്ങൾ വേദനാജനകമാം വിധം ഹ്രസ്വമാണെന്ന് അവർക്കറിയാമായിരുന്നു. ഗോംഗ് ജിയോങ് എന്ന കൊറിയൻ സാഹിത്യകാരി എഴുതിയ 'ഔവർ ഹാപ്പി ടൈം' എന്ന നോവൽ ഇപ്രകാരമാണ് വികസിക്കുന്നത്.

മരണത്തിന്റെ നിഴൽ വീണജയിലഴികളെപ്പോലും നിസ്വാർത്ഥ സ്നേഹം വിമലീകരിക്കുന്നു; പരിവർത്തനപരിസരമാക്കുകയും ചെയ്യുന്നു.

പെസഹായ്ക്കൊരു മുഖവുര

ദുഃഖവെള്ളിയുടെ തലേന്നാളായ ആ പെസഹായെ അനശ്വരമാക്കിയത് സ്നേഹത്തിന്റെ പുതിയ കൽപ്പനയും മാതൃകയുമായിരുന്നു. സർവ്വോപരി, കാൽവരിയിലെ പരമയാഗത്തിന്റെ മുന്നാസ്വാദനമായി മാറിയ തിരുബലിയുടെ സ്ഥാപനവും.

'ലോകത്തിൽ തനിക്ക് സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു, അവസാനം വരെ സ്നേഹിച്ചു'. എന്ന് വിശുദ്ധ യോഹന്നാൻ സംക്ഷിപ്തമായും സമ്യക്കായും ആ രാത്രിയിലെ പെസഹാചരണത്തിനു മുഖവുര കുറിക്കുന്നു.

ഇന്ന് നാം വിചിന്തനം ചെയ്യുന്ന വിശുദ്ധ യോഹന്നാന്റെ സുവിശേഷം (13:1-14) ഗുരുവും കർത്താവുമായ യേശു തന്റെ ശിഷ്യർക്ക് നൽകിയ അന്യാദൃശമായ മാതൃകയെക്കുറിച്ചും വിശുദ്ധ മത്തായിയുടെ സുവിശേഷം (26:26-30) സ്നേഹത്തിന്റെ നിത്യസാന്നിദ്ധ്യമായിരിക്കാൻ വിശുദ്ധ കുർബാന സ്ഥാപിച്ചതിനെയുമാണ് പ്രതിപാദിക്കുന്നത്.

അനുയാത്ര ചെയ്യുന്നവർക്ക് മാനിഫെസ്റ്റോ

ഗുരു നിർവ്വഹിച്ച പാദക്ഷാളനം യേശുവിനെ അനുധാവനം ചെയ്യാൻ സന്നദ്ധരായവർ സ്വന്തമാക്കേണ്ട ജീവിതശൈലിയുടെ പ്രായോഗികതയിലൂന്നിയ മാനിഫെസ്റ്റോ തന്നെയായിരുന്നു. ചരിത്രത്തിന്റെ ഏതെങ്കിലും ദശാസന്ധികളിൽ ഈ മാതൃക കൈവിട്ടുകളഞ്ഞിട്ടുണ്ടെങ്കിൽ, നാം അത് തിരികെപ്പിടിക്കേണ്ടതുണ്ട്. ക്രിസ്തുവിന്റെ ആത്മാംശം സന്നിവേശിപ്പിക്കപ്പെട്ട ജീവിതശൈലിയിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് എങ്ങനെയാണ് ഒരു ക്രൈസ്തവ സമൂഹത്തിന് നിലനിൽക്കാനാവുക. മറ്റനേകം സംഘടനാ രൂപങ്ങളെപ്പോലെ മറ്റൊന്നല്ല, ക്രിസ്തു ശിരസായ ശരീരമാണ് സഭ. ഈ ഗാത്രത്തിന് ക്രിസ്തുവിന്റെ കാരുണ്യവും ആർദ്രതയും ഇടയത്വവും മ്യൂസിയത്തിലെ പുരാണ വസ്തുക്കൾ പോലെ നിർജീവ കാഴ്ചവസ്തുക്കളല്ല.

പുളിപ്പില്ലാതെ പെസഹായിലേക്ക്

യേശുവിന്റെ ശിഷ്യന്മാർ പെസഹാ ഒരുക്കിയതുപോലെ, നോമ്പു ദിനങ്ങളുടെ ഈ അന്ത്യപാദത്തിൽ നമ്മുടെ ഒരുക്കം എപ്രകാരമാണ്? പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ എന്നുകൂടി വിശേഷിപ്പിക്കപ്പെട്ട പെസഹാ ആചരണത്തെ നാം സമീപിക്കുമ്പോൾ സ്നേഹശൂന്യതയുടെ, സ്വാർത്ഥതയുടെ പുളിപ്പ് നമ്മുടെ സമീപനങ്ങളിൽ നിന്ന് നീക്കം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്ന ഒരു ഓഡിറ്റിങ്ങിന്റെ സമയം കൂടിയല്ലേ ഇത്?

എവിടെയാണ് നമ്മൾ

പെസഹാ ഉയർത്തുന്ന മൗലികമായൊരു ചോദ്യമുണ്ട്. കാലാതിവർത്തിയാണ് ആ ചോദ്യം. എവിടെയാണ് ഈ പെസഹായിൽ നമ്മുടെ സ്ഥാനം?

സെഹിയോൻ ഊട്ടുശാലയിൽ നടന്ന ആ അത്താഴത്തിൽ, താൻ അതുവരെ ജീവിച്ച ജീവിതം, തന്നെ അനുയാത്ര ചെയ്തവരുടെ നിത്യമായ ജീവിതത്തിനുവേണ്ടി, യേശു അപ്പമായി സമർപ്പിക്കുന്നു. അപ്പം ഉപജീവനത്തിന്റെ പ്രതീകമാണല്ലോ. അവിടെ വാഴ്ത്തി സമർപ്പിക്കപ്പെട്ട വീഞ്ഞാകട്ടെ, അവൻ ചിന്താനിരിക്കുന്ന രക്തം തന്നെയാണ്. പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള മോചനമായ തന്റെ രക്തം സ്വീകരിക്കാനുള്ള അനുപമമായ ക്ഷണമായിരുന്നു ആ കൂദാശസ്ഥാപനം.

വധുവും വരനും

എന്റെ ശരീരം, എന്റെ രക്തം, നമ്മെ സംബന്ധിച്ച് ഏറ്റവും പരിചിതമായ ഈ വാക്കുകൾ, യേശു ഉച്ചരിച്ചപ്പോൾ അവന്റെ ശിഷ്യന്മാർക്ക്, അതുളവാക്കിയ ആശ്ചര്യം ചെറുതല്ല. കാരണം ഒരു വരൻ തന്റെ വധുവിനോട് വിവാഹാഭ്യർത്ഥന നടത്തുമ്പോൾ, പറയുന്ന വാക്കുകൾക്ക് സമാനമാണ് അവ.

യഹൂദപാരമ്പര്യത്തിൽ ഒരു യുവാവ് ഒരു കന്യകയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുമ്പോൾ, അവൻ ഒരു കപ്പ് വീഞ്ഞെടുത്ത് അവൾക്ക് നൽകും. എന്റെ രക്തം, എന്റെ ജീവിതം, എന്റെ ഭാവി, എനിക്കുള്ളതെല്ലാം നിനക്കു ഞാൻ വാഗ്ദാനം ചെയ്യുന്നു. നീ എന്റെ ഒപ്പം ജീവിതം പങ്കിടുമോ എന്നവൻ ആരായുകയാണിവിടെ. ആ പാനപാത്രം നിരസിക്കാനോ, സ്വീകരിക്കാനോ അവൾക്ക് അവസരമുണ്ട്. അവൾ ആ വിവാഹാലോചന സ്വീകരിച്ചാൽ ഫലത്തിൽ ഇപ്രകാരം പ്രത്യുത്തരിക്കുന്നു: നീ എനിക്ക് വാഗ്ദാനം ചെയ്യുന്നത് ഞാൻ സ്വീകരിക്കുകയും പകരം ഞാൻ സ്വയം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

കൃപയുടെ ഉടമ്പടി

യേശുവിൽ നിന്ന് സ്വീകരിച്ച പാനപാത്രത്തിൽ നിന്ന് കുടിക്കുമ്പോൾ അവിടുത്തെ മണവാട്ടിയായ സഭയിലെ അംഗങ്ങളെന്ന നിലയിൽ നാം ക്രിസ്തുവിന്റെ വാഗ്ദാനം സ്വീകരിക്കുന്നു. നമ്മെ തന്റെ സ്വന്തമായി സ്വീകരിച്ച യേശുവുമായി ഒരു ഉടമ്പടിയിൽ നാം പ്രവേശിക്കുന്നു. അത് അവനു നമ്മോടുള്ള കൃപയുടെ ഉടമ്പടിയാണ്.

ജീവനും മോചനവും

നമുക്കുവേണ്ടി നൽകപ്പെട്ട ക്രിസ്തുവിന്റെ ജീവനും രക്തവും സ്വീകരിക്കുന്നതിലൂടെ നമുക്ക് അവനിൽ ജീവിതവും പാപത്തിന്റെ ശക്തിയിൽ നിന്നുള്ള മോചനവും ലഭിക്കുന്നുവെന്ന അക്ഷയമായ സത്യത്തെക്കുറിച്ചു

ള്ള തിരിച്ചറിവാണ് നാം സ്വന്തമാക്കുന്നത്. ക്രിസ്തുവിലൂടെ പിതാവുമായാണ് നവമായ ഉടമ്പടിയിൽ നാം പ്രവേശിച്ചിരിക്കുന്നത് എന്ന് ഈ പെസഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിലുടനീളം നമ്മെ പരിപോഷിപ്പിക്കുന്നത് കൃപാസമൃദ്ധമായ ആ ഉടമ്പടിയുടെ ഭാഗമായി അവൻ അർപ്പിച്ച തന്റെ ശരീരരക്തങ്ങളും, ആ ബലിയിലുള്ള നമ്മുടെ പങ്കാളിത്തവുമാണ്. ഈ ബലിയുടെ രക്ഷാകര ശക്തി ഈ ലോകത്തിന്റെ ഭൗമിക അതിരുകൾക്കപ്പുറമാണ്. അത് നിത്യ ജീവനിലേക്കുള്ള നമ്മുടെ പ്രവേശനത്തിന്റെ പ്രഭാകവാടം തന്നെയാണ്.

വിരുന്നിലേക്ക് ക്ഷണിക്കപ്പെട്ടവർ

ഈ ഭക്ഷണം തന്റെ ശിഷ്യരോടൊപ്പം പിതാവിന്റെ രാജ്യത്തിൽ താൻ ആചരിക്കുമെന്ന് അവിടുന്ന് പറഞ്ഞ തോർമ്മിക്കുക. യേശുവിന്റെ ശിഷ്യപരമ്പരയുടെ ഭാഗമായ നാമോരോരുത്തരും സ്വീകരിച്ചിരിക്കുന്ന ദൈവികവും അനന്യവും സർവാതിശായിയുമായ ഒരു ക്ഷണത്തിന്റെ ദൃശ്യമായ ആവിഷ്ക്കാരമാണ് ഓരോ ദിവ്യ ബലിയർപ്പണവും.

കുഞ്ഞാടിന്റെ വിവാഹവിരുന്നിൽ വിളിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ എന്ന് യോഹന്നാൻ വെളിപാടിൽ എഴുതിയിരിക്കുന്നതിന്റെ ആഴവും വ്യാപ്തിയും ഇതോടു ചേർത്ത് നാം മനസിലാക്കണം. ക്രിസ്തു തന്റെ മണവാട്ടിക്കായി മടങ്ങിവരുന്ന ആ ദിവസത്തിന്റെ പ്രതീക്ഷയിലാവണം നമ്മുടെ ഓരോ ബലിയർപ്പണവും കാരണം സഭയുടെ ഭാഗഭാക്കുകളായ നമ്മിൽ നിന്ന് വേർതിരിക്കപ്പെട്ടതോ, മാറ്റി നിർത്തപ്പെട്ടതോ അല്ല ആ കടന്നുവരവ്.

അതിജീവനം യാദൃശ്ചികമോ?

രണ്ടാം ലോകമഹായുദ്ധകാലത്ത്, 1943-ൽ സഖ്യകക്ഷികൾ ഇറ്റലിയിലെ മിലാനിൽ നടത്തിയ വ്യോമാക്രമണത്തിൽ സാന്റാമരിയ ഡെല്ല ഗ്രേസി എന്ന ദേവാലയം പാടെ തകർന്നു, അതിന്റെ ഒരു മതിൽ മാത്രം വിസ്മയകരമായി ആക്രമണത്തെ അതിജീവിച്ചു. ലോകത്തിലെ ഏറ്റവും പ്രശസ്തനായ ഒരു ചിത്രകാരന്റെ മാസ്റ്റർ പീസ് ചിത്രീകരിക്ക പ്പെട്ടത് ആ മതിലിലായിരുന്നു. ലിയോനാർഡോ ഡാവിഞ്ചി വരച്ച അന്ത്യ അത്താഴമായിരുന്നു ആ പെയിന്റിംഗ്.

യാദൃശ്ചികതയോ അത്ഭുതമോ ആയി ഇതിനെ വിലയിരുത്തുന്നത് ഓരോരുത്തരുടെയും വിവേചനവും സ്വാതന്ത്ര്യവും അനുസരിച്ചായിരിക്കും. എന്നാൽ യേശുവിന്റെ ബലിയിലുള്ള ഭാഗഭാഗിത്വം നിശ്ചയ മായും സന്ദിഗ്ദ്ധതകൾ നിറഞ്ഞ ജീവിത സാഹചര്യങ്ങളെ അതിജീവി ക്കാൻ നമ്മെ ഒരുക്കമുള്ളവരാക്കും. ഈജിപ്തിൽ നിന്ന് ഇസ്രായേൽ ജനത മോചിതമായതു പോലെ, ആധിപത്യത്തിന്റെയും കാലുഷ്യത്തിന്റെയും അധിനിവേശത്തിന്റെയും സർവ്വ ലൗകിക ഭാവങ്ങളും കടന്നുപോവുക തന്നെ ചെയ്യും. നവഫറവോ മനോഭാവങ്ങളിൽ നിന്ന്, വ്യക്തിപരമോ സാമൂഹ്യമോ ആയ പാരതന്ത്ര്യങ്ങളിൽ നിന്ന് സർവ്വ മനുഷ്യരാശിയെയും രക്ഷിക്കാൻ അവിടുത്തെ സാന്നിദ്ധ്യം നമ്മോടൊപ്പമുണ്ടെന്ന് ഓരോ പെസഹായും നമ്മെ പ്രതീക്ഷാനിർഭരരാക്കുന്നു.

നിത്യവിമോചനവേദി

പഴയ നിയമത്തിലെ രക്ഷകനായ സംഹാരദൂതന്റെ കടന്നു പോകലിൽ നിന്ന് മിശിഹായുടെ മടങ്ങി വരവിലേക്കുള്ള യുഗപ്പകർച്ചയിലെ ഈ കാലത്തെ സാക്ഷികളാണ് നാം. അവിടുത്തെ ബലിവേദിയാകട്ടെ നമുക്ക് നിത്യമായ സൗഖ്യവും വിമോചനവും പ്രദാനം ചെയ്യുന്ന ശാശ്വത അഭയസ്ഥാനമത്രെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com